# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## ബി.ഇ.എം.എൽ.പി.എസ് പരപ്പനങ്ങാടി

# ആമുഖം

വിദ്യാഭ്യാസം ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ പരിവർത്തനത്തിന് വഴിയൊരുക്കുന്നു. ചിരപുരാതനമായ ബി.എം.എൽ.പി.എസ് പരപ്പനങ്ങാടി, ജാതി മത ഭേദമന്യേ ഏവർക്കും അറിവിന്റെ വെളിച്ചം പകർന്നുകൊണ്ട് നഗരത്തിന്റെ ഹൃദയഭാഗത്ത് ഇന്നും അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്ന ഒരു സ്ഥാപനമാണ്.500 ഓളം വിദ്യാർത്ഥികൾ ഉള്ള ഈ വിദ്യാലയത്തിൽ 12 അധ്യാപകരാണ് ഉള്ളത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന മികവിലേക്ക് എത്തിച്ചേരുക എന്ന ലക്ഷ്യത്തോടെ 2025-26 അക്കാദമിക വർഷത്തെ വിവിധ പ്രവർത്തനങ്ങൾ കോർത്തിണക്കി ഒരു രൂപരേഖ ഉണ്ടാക്കുക എന്ന ഘട്ടം അനിവാര്യമായ ഒന്നാണ്. അത് വിദ്യാർത്ഥികളുടെ ഉന്നമനത്തിനും അധ്യാപകരുടെ ശാക്തീകരണത്തിനും രക്ഷിതാക്കളും സമൂഹവുമായുള്ള ഒരു നല്ല ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായകരമാണ്.കൂടാതെ ഈ വിദ്യാലയത്തിലേക്ക് എത്തുന്ന ഓരോ വിദ്യാർത്ഥിയും അറിവ് നേടുകയും അറിവിന്റെ വെളിച്ചം മറ്റുള്ളവർക്കും ദേശത്തിനും തന്നെ പകർന്ന് നൽകിക്കൊണ്ട് ഉന്നതിയിൽ എത്തുക എന്നത് ഞങ്ങളുടെ ഓരോരുത്തരുടെയും സ്വപ്നവുമാണ്.

കാഴ്ചപ്പാട് :-

വിദ്യാലയത്തിലേക്ക് കടന്നുവരുന്ന ഓരോ വിദ്യാർത്ഥിക്കും മൂല്യാധിഷ്ഠിതവും സമഗ്ര വികസനാത്മകവുമായ വിദ്യാഭ്യാസം നേടാനുള്ള അവസരം ഒരുക്കി, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്ക് ഉതകുന്ന നല്ല വ്യക്തികൾ ആക്കി മാറ്റുക.

## ആസൂത്രണം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ബി.ഇ. എം.എൽ.പി.എസ് പരപ്പനങ്ങാടിയിലെ അധ്യാപകരായ ഞങ്ങൾ 27/05/2025ന് 2.30ന് ചേർന്ന എസ്.ആർ.ജി മീറ്റിങ്ങിൽ വെച്ച് പ്രവേശനോത്സവം മുതൽ പഠനോത്സവം വരെയുള്ള വൈവിധ്യമാർന്ന, അതേസമയം വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് ഹേതുവാകുന്നതുമായ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

വേനൽ അവധി കഴിഞ്ഞ് വിദ്യാലയം തുറക്കുന്ന ജൂൺ രണ്ടാം തീയതി നടത്തപ്പെടുന്ന പ്രവേശന ഉത്സവത്തിൽ എ.എം.പി പ്രകാശനം ചെയ്യാനും തീരുമാനമായി.

## ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും അക്കാദമിക മികവിന്റെ പാതയിലേക്ക് നയിക്കുക

2. മലയാളഭാഷ നൈപുണി വർദ്ധിപ്പിക്കുന്നതിനായി എന്റെ മലയാളം പദ്ധതി നടത്തുക.

3.വിദ്യാർത്ഥികളിൽ ആനുകാലിക അവബോധം പൊതുവിജ്ഞാനം എന്നിവ വളർത്തിയെടുക്കുക.

4.കലാകായിക പ്രവർത്തി പരിചയ മേഖലയിലുള്ള അഭിരുചികൾ കണക്കിലെടുത്തുകൊണ്ട് വിവിധ ശിൽപ്പശാലകൾ നടത്തുക.

5.കായിക ആരോഗ്യ മേഖലാ വികാസം, മാനസിക ഉല്ലാസം.

6. മാലിന്യ വിമുക്ത, പ്ലാസ്റ്റിക് രഹിത വിദ്യാലയം എന്ന ലക്ഷ്യത്തിലേക്ക് എത്തുക.

7.വിദ്യാലയത്തെ ഹരിത വിദ്യാലയം ആക്കുക. പൂന്തോട്ടം, അടുക്കളത്തോട്ടം എന്നിവ ഒരുക്കുക.

8.ശാസ്ത്ര മനോഭാവം വളർത്തുന്നതിനായി ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുക.

8. ഇംഗ്ലീഷിലുള്ള മികവിനായി  ഹലോ ഇംഗ്ലീഷ് എന്ന പ്രവർത്തനം നടത്തുക.

9.ഗണിതം മനോഹരം എന്ന പ്രവർത്തനം നടപ്പാക്കുക.

10. ഭാഷയുടെ വിവിധ മേഖലകളായ LSRW... മികച്ച നിലവാരത്തിൽ എത്താൻ എല്ലാ വിദ്യാർത്ഥികളെയും പരിഗണിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

11.അറബി പരിപോഷണ പരിപാടി.

12.ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സൗഹാർദ്ദപരമായ അന്തരീക്ഷം, പഠനപ്രവർത്തനങ്ങൾ എന്നിവ ഒരുക്കൽ

13.പിന്നോക്കകാർക്ക് ഒരു കൈത്താങ്ങ് -മുന്നേറ്റം

14. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക

# അവസ്ഥാവിശകലനം

കുട്ടികളെ സംബന്ധിച്ച പ്രധാന വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിലേക്ക് ആകെ 53 കുട്ടികളാണ് പ്രവേശനം നേടിയത്. എല്ലാ കുട്ടികളും പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവരാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ഗോത്രവിഭാഗക്കാർ എന്നീ മേഖലകളിൽപ്പെട ആരും ഇല്ല

## മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ

* മികച്ച അക്കാദമിക നിലവാരം, LS വിജയം (4 പേർ)
* കലാ-കായിക-പ്രവൃത്തി പരിചയ മേളകളിലെ മികവ്
* മെഗാ ക്വിസ് മത്സരം
* ശില്പശാലകൾ (പ്രവൃത്തി പരിചയം)
* മികച്ച സ്കൂൾ അസംബ്ലി, പഠനയാത്ര
* കരാട്ടെ ക്ലാസ്, മികച്ച വാർഷികാഘോഷം
* പിന്നോക്കക്കാർക്കുള്ള ക്ലാസുകൾ - അവരുടെ പുരോഗതി
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. കളിസ്ഥലം
* അലിഫ് ടാലന്റ് ടെസ്റ്റ്. സബ്ജില്ലയിൽ രണ്ടാം സ്ഥാനം (നഹാൻ മുഹമ്മദ് 4B)
* ഉപജില്ലാ ലൈബ്രറി കൗൺസിൽ നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം (വൈദേഹി 4B)

# 2025- തനത് പ്രവർത്തനങ്ങൾ

* മികച്ച അക്കാദമിക നിലവാരം
* പിന്നോക്കക്കാർക്ക് കൈത്താങ്ങും നിരന്തര വിലയിരുത്തലും
* ഭിന്നശേഷിക്കാർക്ക് മികച്ച പിന്തുണാ ക്ലാസുകൾ
* സ്കൂൾ സൗന്ദര്യവത്ക്കരണം
* മാലിന്യ വിമുക്ത ക്യാമ്പസ്, മാലിന്യ സംസ്ക്കരണ പ്ലാന്റ്
* JRC ട്രെയിനിംഗ്
* ഫുട്ബോൾ ടീം രൂപീകരണം.
* മികച്ച IT പഠനാവസരം, മികച്ച കമ്പ്യൂട്ടർ ലാബ്
* വിപുലമായ അടുക്കളത്തോട്ടം, പൂന്തോട്ടം
* അസംബ്ലി- 3 ഭാഷകളിൽ (ഇംഗ്ലീഷ്, അറബി, മലയാളം)

# പ്രവർത്തനകലണ്ടർ AMP- 2025-26

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് 2025 (അവലോകനം) |
| 2. | പ്രത്യേകപ്രവർത്തന പാക്കേജ് സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി | ജൂൺ 3 മുതൽ 13 വരെ |
| 3 | പ്രീടെസ്റ്റ് | ജൂൺ 4 |
| 4. | പരിസ്ഥിതി ദിനാഘോഷം | ജൂൺ 5 |
| 5. | സ്കൂൾ അസംബ്ലി (ഇംഗ്ലീഷ്, മലയാളം) | ജൂൺ 15 - മാർച്ച് 2026 വരെ. |
| 6. | കൈത്താങ്ങ് - പിന്തുണാ ക്ലാസ് | ജൂൺ 15 - മാർച്ച് 2026 |
| 7. | പാട്ടരങ്ങ് | ജൂൺ - 2 ആരംഭം ജൂൺ 19 മുതൽ ഫെബ്രുവരി 2026. വരെ |
| 8 | എന്റെ വിദ്യാലയം- ശുചിത്വ വിദ്യാലയം (മാലിന്യ സംസ്കരണം) | ജൂൺ- മാർച്ച് 2026 |
| 9 | എന്റെ ഹരിത വിദ്യാലയം - പച്ചക്കറിത്തോട്ടം. അടുക്കളത്തോട്ടം ഒരുക്കൽ | ജൂൺ - മാർച്ച് 2026. |
| 10 | ആരോഗ്യ - ശുചിത്വ അറിയിപ്പ് ബോർഡുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 11. | ഡ്രൈ ഡേ | ജൂൺ - മാർച്ച് എല്ലാ വെള്ളിയാഴ്ച |
| 12. | ദൈനംദിന എക്സർസൈസുകൾ, സുംബാ ഡാൻസ്, സർഗവേള, സാഹിത്യകാരൻമാരുടെ ഗ്യാലറി. | ജൂൺ - മാർച്ച് |
| 13. | ഭിന്നശേഷി സൗഹാർദ്ദാന്തരീക്ഷം | ജൂൺ - മാർച്ച് |
| 14. | സ്ക്കൂൾ റേഡിയോ | ജൂലൈ - മാർച്ച് |
| 15. | ബോധവൽക്കരണ ക്ലാസുകൾ - മഴക്കാല രോഗങ്ങൾ, പ്രകൃതിസംരക്ഷണം. കർക്കടകം- ആരോഗ്യം, ലഹരിക്കെതിരെ | ജൂൺ - മാർച്ച് |
| 16. | IT മികവ് | ജൂൺ - മാർച്ച്. |
| 17 | മെറാക്കിസ് മത്സരം | ജൂലൈ - മാർച്ച് |
| 18. | മാസാന്ത്യ വിലയിരുത്തൽ | ജൂൺ 30 - ഫെബ്രുവരി. |
| 19. | Spell Bee Spelling game | ജൂലൈ - മാർച്ച്. |
| 20. | അറബിക് അസംബ്ലി | ജൂലൈ - മാർച്ച് |
| 21 | അറബി പുസ്തക വായന പരിപോഷണം. | ജൂലൈ - മാർച്ച് |
| 22. | ശാസ്ത്ര കൗതുകങ്ങൾ, പരീക്ഷണങ്ങൾ | ജൂലൈ - മാർച്ച്. |

| | | |
|---|---|---|
| 23. | വർഷാന്ത്യ വായനക്കുറിപ്പ് മത്സരം | - ജൂൺ - മാർച്ച് |
| 24. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ജൂലൈ - മാർച്ച് |
| 25 | ക്ലാസ് തല - സ്കൂൾ തല ശില്പശാലകൾ - കളിമൺ രൂപങ്ങൾ, ഒറിഗാമി.. | ആഗസ്റ്റ് - സെപ്റ്റംബർ |
| 26. | JRC, ഫുട്ബോൾ ടീം രൂപീകരണം, പരിശീലനം. | ജൂലൈ - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

**മേഖല :- അക്കാദമികം**

**ഉപമേഖല :- ഭാഷ (മലയാളം)**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| * ഭാഷാ നൈപുണികൾ വികസിപ്പിക്കുക (LSRW) | • പ്രീടെസ്റ്റ് | ജൂൺ 4 | ക്ലാസ് ടീച്ചർ | 2000/- | |
| | • എന്റെ മലയാളം - പ്രീടെസ്റ്റ് വിലയിരുത്തൽ, രക്ഷിതാക്കളുടെ സഹകരണത്തോടെ പിന്നോക്കക്കാർക്ക് കൈത്താങ്ങ്. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 2000/- | |
| | • സ്കൂൾ റേഡിയോ, സർഗ്ഗവേള, ക്ലാസ് - സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി വിവിധ വ്യവഹാര രൂപങ്ങൾ കേൾക്കുവാനും അവതരിപ്പിക്കാനും വായിക്കുവാനും അവസരം നൽകുന്നു. | | | | |
| | * ലേഖന മികവിനായി ദൈനംദിന ഡയറി എഴുതുന്നു. പത്രവായന, മെഗാക്വിസ് മത്സരം | | | | |

| | | | | | |
|---|---|---|---|---|---|
| * സാഹിത്യലോകത്തെ മികച്ച കവികൾ, കൃതികൾ, എന്നിവയൊക്കെ കുറിച്ച് അവബോധം നേടൽ | * സാഹിത്യകാരൻമാരുടെ ചിത്രങ്ങളടങ്ങിയ ഗ്യാലറി രൂപീകരിക്കുക.<br>* വായനദിനത്തോടനുബന്ധിച്ച് ക്വിസ്, കവി- പുസ്തക പരിചയം, പുസ്തക- പ്രദർശനം എന്നിവ നടത്തുന്നു. | ജൂൺ- മാർച്ച്<br>ജൂൺ 19 ജൂലൈ 5 | ടീച്ചർമാർ PTA SSG<br>അധ്യാപകർ | | |
| * ഭാഷ ആസ്വാദ്യകരവും ലളിതവും ആക്കുക | * പാട്ടരങ്ങ് | ജൂൺ | ക്ലാസ് ടീച്ചർ റിസോഴ്സ് പേഴ്സൺ PTA | | |
| * നിരന്തര ഭാഷാശേഷി വികസന നിലവാരം വിലയിരുത്തുന്നു. | * മാസാന്ത്യ വിലയിരുത്തൽ<br>* കൈത്താങ്ങ് നൽകൽ<br>* പിയർ ഗ്രൂപ്പ് പഠനം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ PTA | 2000/- | |
| * സർഗാത്മകത വളർത്തുന്നു. | ലേഖന മികവിനും കൂടി വായനക്കുറിപ്പ് തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ്, സംഭാഷണം എഴുതൽ, കഥ പൂർത്തിയാക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | ജൂൺ - മാർച്ച്. | |

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷ (ഇംഗ്ലീഷ്)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിസോഴ്സ് |
|---|---|---|---|---|---|
| * LSRW ശേഷി വികാസം (എല്ലാ വിദ്യാർത്ഥികളിലും) | * പ്രീടെസ്റ്റ് - കൈത്താങ്ങ് | ജൂൺ 4 | ക്ലാസ് ടീച്ചർ | | |
| | * Spell Bee - Spelling game. | ജൂൺ - മാർച്ച് | " SRG | | |
| | * Eng Assembly, ICT സാധ്യത, സർഗവേള എന്നിവയിൽ ഇംഗ്ലീഷിന് കൂടുതൽ പ്രാധാന്യം നൽകൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG HM | | |
| | * ഇംഗ്ലീഷ് വാർത്താ വായന | ആഴ്ച്ചയിൽ ഒന്ന് | | | |
| | * സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | " | ക്ലാസ് ടീച്ചർ PTA SSG | | |

## മേഖല- അക്കാദമികം
## ഉപമേഖല - ഭാഷ, അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| അറബിക്- ഭാഷയുടെ LSRW മേഖലകൾ മികവുറ്റതാക്കുക | പ്രീടെസ്റ്റ് - കൈത്താങ്ങ് നൽകൽ | ജൂൺ | അറബി അധ്യാപകർ | | |
| | * അറബി റേഡിയോ, അസംബ്ലി, സർഗ്ഗവേള എന്നിവയിൽ അറബി പരിപാടികൾ ഉൾപ്പെടുത്തൽ | ആഴ്ച്ചയിൽ ഒന്ന്- ജൂൺ - മാർച്ച് | " | | |
| | * അറബി ദിനാചരണം, അറബി മാഗസിൻ നിർമാണം. | ഡിസംബർ 18 | PTA SSG | | |
| | * അറബി ചിത്രകഥാ പുസ്തകങ്ങൾ ക്ലാസ്സ്ഥലത്തിൽ നൽകൽ - വായന | ജൂൺ- മാർച്ച് | | 2,000/- | |
| | * അറബി കേട്ടെഴുത്ത്, പദനിർമാണം, * ക്വിസ് മത്സരം | ജൂൺ മുതൽ നവംബർ | | | |
| | * ICT സാധ്യത ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാർക്കും പിന്നോക്കക്കാർക്കും ക്ലാസ് നൽകൽ | ജൂൺ- മാർച്ച് | " | | |

മേഖല :- അക്കാദമികം.
ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| | * പ്രീടെസ്റ്റ് - കൈത്താങ്ങ് (എന്റെ ഗണിതം) | ജൂൺ | ക്ലാസ് ടീച്ചർ | 1000/- | |
| * സംഖ്യാബോധം, ചതുഷ്ക്രിയകൾ മറ്റു ഗണിതനേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തുക. | * മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള ഗണിതപഠനം (മഞ്ചാടി, ഈർക്കിൽ) | | | | |
| * ദൈനംദിന പ്രശ്ന നിർധാരണ ശേഷി വളർത്തുക. | ദൈനംദിന നിർധാരണ പ്രശ്നങ്ങൾ തുടർച്ചയായി നൽകുക. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| * ഗണിതത്തെ ലളിതവും ആസ്വാദ്യകരവുമാക്കുക. | ഗണിതമൂല, പസിൽ കോർണർ എന്നിവ ഒരുക്കൽ. സ്കൂൾ പാർക്ക് ഉപയോഗപ്പെടുത്തൽ. ഉല്ലാസ ഗണിതം, | ജൂൺ-മാർച്ച് | ഗണിത ക്ലബ്ബ്, ക്ലാസ് ടീച്ചർ | | |
| | ശില്പശാല | ആഗസ്റ്റ്-3 | ഗണിത ക്ലബ്ബ് PTA, SSG | | |

മേഖല :- അക്കാദമികം

ഉപമേഖല :- പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| * 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പാഠ്യപദ്ധതിയിലെ മുഴുവൻ നേട്ടങ്ങളും എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുക. | * പ്രീടെസ്റ്റ്<br>* യൂണിറ്റ് വിലയിരുത്തൽ, വർക്ക് ഷീറ്റുകൾ<br>* ICT സാധ്യത ഉപയോഗിച്ച് മൂർത്തമായ അനുഭവങ്ങൾ നൽകുക | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| * പ്രക്രിയാ ശേഷികളിലൂടെ ശാസ്ത്ര പഠനം | * സ്കൂൾ ലാബ് ശാക്തീകരണം<br>* ശാസ്ത്ര കിറ്റ് നിർമ്മാണം<br>* ശാസ്ത്രകൗതുകങ്ങൾ, പരീക്ഷണങ്ങൾ മാസത്തിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും ചെയ്യുന്നു. ശില്പശാല | ജൂലൈ-ആഗസ്റ്റ്<br>P | ശാസ്ത്ര ക്ലബ്ബ്<br>PTA. ടീച്ചർ | | |
| * ശാസ്ത്രീയ മനോഭാവം വളർത്തൽ, ശാസ്ത്രത്തെ കുറിച്ച് കൂടുതൽ അറിയൽ | * ഫീൽഡ് ട്രിപ്പ്<br>* ICT- വാനനിരീക്ഷണം, ശാസ്ത്ര അദ്ഭുതങ്ങൾ, സ്പേയ്സ്<br>* ശാസ്ത്ര ക്വിസ് | ജൂലൈ<br>സെപ്റ്റംബർ<br>ഫെബ്രുവരി | ശാസ്ത്ര ക്ലബ്ബ് | | |

| | | | | | |
|---|---|---|---|---|---|
| * പ്രകൃതി സ്നേഹം. സഹജീവി സ്നേഹം - സംരക്ഷണം എന്നീ മനോഭാവങ്ങൾ വളർത്തിയെടുക്കൽ | * വൃക്ഷത്തൈ നടൽ<br>* എന്റെ വിദ്യാലയം - ശുചിത്വ വിദ്യാലയം (മാലിന്യ സംസ്കരണം)<br>* എന്റെ ഹരിത വിദ്യാലയം - പൂന്തോട്ടം, അടുക്കളത്തോട്ടം എന്നിവ ഒരുക്കൽ. | ജൂൺ 5<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | | | |
| * നമ്മുടെ പൈതൃകത്തെ അറിയൽ, ദേശസ്നേഹം വളർത്തിയെടുക്കൽ | * സ്വാതന്ത്ര്യ സമര സേനാനികളുടെ വേഷമണിയൽ<br>* ക്വിസ്, പോസ്റ്റർ രചന, ICT സാധ്യത | | | | |
| * ലോകത്തെ നാശത്തിലേക്കു നയിക്കുന്ന യുദ്ധങ്ങൾ പ്രകൃതി ദുരന്തങ്ങൾ എന്നിവ അറിയൽ | * പതിപ്പ് നിർമ്മാണം, ICT | ആഗസ്റ്റ് 6, 9, 15 | | | |

## മേഖല :- അക്കാദമിക

## കലാ, കായിക-ആരോഗ്യം, പ്രവൃത്തി പരിചയം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണം | സാമ്പത്തികം | റിമാർക്കുകൾ |
|---|---|---|---|---|---|
| * വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ മികച്ച പരിശീലനം നൽകി മികവിന്റെ പാതയിൽ എത്തിക്കുക. | * എല്ലാ ആഴ്ച്ചയിലും കലാകായിക പ്രവൃത്തി പരിചയ ക്ലാസുകൾ മികച്ച നിലവാരത്തിൽ നടത്തുക. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| | * കളിമണ്ണു കൊണ്ട് രൂപങ്ങൾ നിർമിക്കൽ ഒറിഗാമി .. തുടങ്ങി വിവിധയിനം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ശില്പ-ശാലകൾ നടത്തുക. | ആഗസ്റ്റ്-സെപ്റ്റംബർ | | 3,000/- | |
| | * മികച്ച നിലവാരത്തിലുള്ള കായിക-പ്രവൃത്തി പരിചയ മേളകൾ സംഘടിപ്പിക്കുക | ആഗസ്റ്റ്-സെപ്റ്റംബർ | | | |
| | * കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽ-കുക | | | | |

| | | | | | |
|---|---|---|---|---|---|
| | * ഫുട്ബോൾ ടീം രൂപീകരണം | ആഗസ്റ്റിനു ശേഷം | PTA ക്ലാസ് ടീച്ചർ HM | | |
| | * പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കൽ | | PTA, SSCT | | |
| | * സ്പോർട്സ് ഉപകരണങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ | | PTA, HM SMC | | |
| | * ദൈനം ദിന എക്സർസൈസുകൾ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| | * സുംബാ ഡാൻസ് പരിശീലനം നൽകൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | | |
| നല്ല ആരോഗ്യശീലങ്ങൾ വളർത്തുക. അനാരോഗ്യമായ ജീവിത ശൈലികൾ, ലഹരി എന്നിവയെക്കുറിച്ച് അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കൽ, സാംക്രമിക രോഗങ്ങളെ അറിയൽ | * ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തൽ | ജൂൺ-ജൂലായ് | PTA റിസോഴ്സ് പേഴ്സൺ Health | | |
| | * ഹെൽത്ത് സെന്ററിന്റെ കീഴിൽ വൈദ്യ പരിശോധന ക്യാമ്പ് | | PTA | | |
| | * ശരിയായ ഭക്ഷണശീലങ്ങളെക്കുറിച്ചറിയാൻ - അടുക്കളത്തോട്ടം. | ആഗസ്റ്റിനു ശേഷം | MPTA അധ്യാപകർ | | |
| | * ICT സാധ്യത ഉപയോഗപ്പെടുത്തി ആരോഗ്യം, ആഹാരം, വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് ക്ലാസ് നൽകുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| | * ആരോഗ്യം, ശുചിത്വം, പ്രകൃതി വിഭവ സംരക്ഷണം എന്നിവയെക്കുറിച്ച് അറിയിപ്പ് ബോർഡുകൾ തയ്യാറാക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ SRG. | | |
| | * ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ ദൈനം ദിന ക്ലാസ് ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കൽ, എല്ലാ വെള്ളിയാഴ്ചയും. മാലിന്യ വിമുക്ത ക്യാമ്പസാക്കി മാറ്റുന്നതിന് ഡ്രൈ ഡേ ആചരിക്കൽ<br>മാലിന്യ സംസ്കരണം കൃത്യതയോടെ നിർവഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ | ജൂൺ- മാർച്ച് | അധ്യാപകർ PTA SSR | | |

# ICT

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| * എല്ലാ വിദ്യാർത്ഥികൾക്കും സാങ്കേതിക വിദ്യയിൽ മികച്ച പരിശീലനം നൽകൽ | * കമ്പ്യൂട്ടർ ലാബ് കൂടുതൽ മികവുറ്റതാക്കുക. കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുക. | ജൂൺ-ജൂലായ് | അധ്യാപകർ HM | 1,00000/- | |
| | * ആഴ്ച്ചയിൽ ലഭ്യമാകുന്ന IT ക്ലാസുകളിൽ മികച്ച പരിശീലനം നൽകൽ | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | | |
| | * IT സാധ്യത ഉപയോഗപ്പെടുത്തി സർഗ്ഗാത്മകത വർദ്ധിപ്പിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | | |

# മേഖല - അധ്യാപക ശില്പശാലകൾ

| വിഷയങ്ങൾ/ഉപമേഖലകൾ | പ്രവർത്തനങ്ങൾ | കാലം/സമയം | സാമ്പത്തികം | പിന്തുണ, ചുമതല |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് | ഭാഷാ നൈപുണി നേടുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ | ആഗസ്റ്റ്, സെപ്റ്റംബർ | | PTA<br>SSG<br>BRC |
| മലയാളം | പാട്ടരങ്ങ് | ജൂൺ-ജൂലൈ | | PTA<br>SSG |
| AMP- എന്റെ കുട്ടി | നേട്ടങ്ങൾ, കൂട്ടിച്ചേർക്കലുകൾ. പുതിയ പരിഹാര പ്രവർത്തനങ്ങൾ. ഗവേഷണാത്മകമായ മുന്നേറ്റം. | ജൂൺ - മാർച്ച് | | BRC<br>അധ്യാപകർ |
| പ്രവൃത്തി പരിചയം | കളിമണ്ണ് രൂപ നിർമാണം, ഫാബ്രിക് പെയിന്റിംഗ് തുടങ്ങിയ വിവിധ മേഖലകൾ ഉൾക്കൊള്ളിച്ച് ശില്പശാല | ആഗസ്റ്റ്-സെപ്റ്റംബർ | | SRG<br>അധ്യാപകർ<br>PTA |

# മേഖല - ഭിന്നശേഷി നിലവാരക്കാർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്കുകൾ |
|---|---|---|---|---|---|
| ഭിന്നശേഷി നിലവാരക്കാരെ കണ്ടെത്തൽ | BRC അധ്യാപകർ, ക്ലാസ് അധ്യാപകർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ ആദ്യ ആഴ്ച | ക്ലാസ് അധ്യാപകർ BRC | | |
| * പാഠഭാഗങ്ങൾ അനുകൂലമാക്കുന്നു. | * റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം കൂടുതൽ ലഭ്യമാക്കൽ | ജൂൺ- മാർച്ച് | അധ്യാപകർ | | |
| * പ്രത്യേക പരിഗണന | * ICT സാധ്യതകൾ, TM അനുയോജ്യമാക്കൽ | " | | | |
| * | * സ്കൂളിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നു. മാതാപിതാക്കൾക്ക് പരിശീലനം | " | SSR, BRC PTA | | |
| | * ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ ഒരുക്കൽ. ശില്പശാലകൾ സംഘടിപ്പിക്കൽ | " | | | |

# സമഗ്ര ഗുണമേന്മാ പദ്ധതി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| * കുട്ടികൾ അറിഞ്ഞിരിക്കേണ്ട പൊതുവായതും അടിസ്ഥാനപരവുമായ കാര്യങ്ങൾ | അച്ചടക്കം, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, മറ്റു കാര്യങ്ങളെക്കുറിച്ച് ക്ലാസ് നൽകൽ | ജൂൺ 3 | ക്ലാസ് ടീച്ചർ | | |
| * റോഡിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അവബോധം നൽകൽ | റോൾ പ്ലേ, പോസ്റ്റർ നിർമ്മാണം, ICT - ആനിമേഷൻ<br>ക്ലാസ്- റോഡ് നിയമങ്ങൾ, സിഗ്നലുകൾ<br>CPTA യിൽ കുട്ടികൾ തന്നെ ബോധവത്ക്കരണ ക്ലാസിന് നേതൃത്വം നൽകുന്നു. | ജൂൺ 4 | ക്ലാസ് ടീച്ചർ<br>റിസോഴ്സ് പേഴ്സൺ | | |
| * വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം. | ആരോഗ്യപ്പാട്ട്, ശുചിത്വപ്പാട്ട്, പോസ്റ്റർ നിർമ്മാണം. വൃക്ഷത്തൈകളും അലങ്കാരച്ചെടികളും നടൽ മാലിന്യപ്ലാന്റ് സ്ഥാപനം, ആരോഗ്യക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ | ജൂൺ 5<br>(ജൂൺ മുതൽ മാർച്ച്) | അധ്യാപകർ<br>PTA<br>SSG | | |

| | | | | | |
|---|---|---|---|---|---|
| ആരോഗ്യം വ്യായാമം കായികക്ഷമത | ദൈനം ദിന എക്സർസൈസുകൾ, സുംബാ ഡാൻസ്<br>കായികക്ഷമത അളക്കൽ കളികൾ<br>വർദ്ധിപ്പിക്കുന്നതിനുള്ള കളികൾ മാർഗനിർദ്ദേശങ്ങൾ നൽകൽ | ക്ലാസ് ടീച്ചർ<br>HM<br>SSG<br>SMC | ജൂൺ6<br>(ജൂൺ - മാർച്ച്) | | |
| ഡിജിറ്റൽ അച്ചടക്കം | ബോധവൽക്കരണ ക്ലാസ്<br>D.A ഡയറി- കുട്ടിയും രക്ഷിതാവും ചേർന്ന്. | ജൂൺ 10<br>ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ,<br>SRG. | | |
| പൊതുമുതൽ സംരക്ഷണം. | ക്ലാസ്, പോസ്റ്റർ നിർമ്മാണം. (ICT) | ജൂൺ 11/6 | | | |
| പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | മോറൽ കഥകൾ വായന (ലൈബ്രറി)<br>ICT | ജൂൺ 12/6<br>(ജൂൺ - മാർച്ച്) | ക്ലാസ് ടീച്ചർ | | |

# ഉപസംഹാരം

സമഗ്ര ഗുണമേന്മ പദ്ധതി വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ, ബി. ഇ. എം. എൽ. പി. പരപ്പനങ്ങാടി എന്ന ഞങ്ങളുടെ വിദ്യാലയം പുത്തൻ പ്രതീക്ഷകളുടെ ഒട്ടനവധി ലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും രൂപീകരിച്ചു കഴിഞ്ഞു. ഈയൊരു മാർഗരേഖയുടെ ഓരോ ഘട്ടവും വിജയകരമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

എല്ലാ വിദ്യാർത്ഥികൾക്കും പരിഗണന നൽകി, അക്കാദമികവും അക്കാദമികേതരവുമായ മികവുറ്റവരാക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ നന്മയുടെയും മികവിന്റെയും പ്രതീകങ്ങളാക്കി മാറ്റണമെന്നാണ് പ്രതീക്ഷ. പ്രകൃതി സൗഹാർദ്ദമായ ഹരിത വിദ്യാലയം, മാലിന്യ മുക്ത ക്യാമ്പസ് എന്നിവയൊക്കെ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഈ മാർഗരേഖയിലെ എല്ലാ ലക്ഷ്യങ്ങളും നേടിയെടുക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെ, നീണ്ട ലക്ഷ്യങ്ങളിലേക്ക് ഉറ്റു നോക്കിക്കൊണ്ട് ഇവിടെ താൽക്കാലികമായി നിർത്തുന്നു.